HEADMASTERS' FORUM, TIRUR

# SSLC മാതൃകാ പരീക്ഷ

ഫെബ്രുവരി 2022

ദിശ 22

## സോഷ്യൽ സയൻസ്
## SET(2)

സമയം : 2.30 മണിക്കൂർ
ആകെ സ്കോർ: 80

**നിർദ്ദേശങ്ങൾ**

**എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിക്കുന്നതിനും മുൻഗണനാക്രമം തീരുമാനിക്കുന്നതിനുമാണ് ആദ്യത്തെ 15 മിനുട്ട് സമയം അനുവദിച്ചിട്ടുള്ളത്.**
**5 Pattern ചോദ്യങ്ങളാണ് ഉള്ളത്. ഓരോന്നിലും PART A Focus Area യും PART B Non Focus Area യും ഉൾപ്പെടുന്നു.**

## I. Part A

**( ഒന്നു മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണം എഴുതുക. 1 സ്കോർ വീതം)**

4 x 1 =

1. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ട യുദ്ധം.
 A) പ്ലാസി യുദ്ധം
 B) ബക്സാർ യുദ്ധം
 C) കർണ്ണാടിക് യുദ്ധം
 D) മൈസൂർ യുദ്ധം

2. U P S C ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നതാര്?
 A) പ്രധാനമന്ത്രി
 B) മുഖ്യമന്ത്രി
 C) ഇന്ത്യൻ പ്രസിഡൻറ്
 D) ഇന്ത്യൻ ചീഫ് ജസ്റ്റിസ്

3. ---------- ആണ് ഏറ്റവും നീളംകൂടിയ നദി.
 A) ഗംഗ
 B) നർമദ
 C) ഭാരതപ്പുഴ
 D) യമുന

4. 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' ഈ മുദ്രാവാക്യം നൽകിയതാര്?
 A) ജോൺ ലോക്ക്
 B) തോമസ് പെയിൻ
 C) ജെയിംസ് ഓട്ടിസ്
 D) ജെയിംസ് മാഡിസൺ

5. പരുത്തി കൃഷിക്ക് അനുയോജ്യമായ മണ്ണ് ഏത്?
A) ലാറ്ററൈറ്റ് മണ്ണ്
B) ചെമ്മണ്ണ്
C) കറുത്ത മണ്ണ്
D) പർവ്വത മണ്ണ്

6. ഹിറ്റ്ലറുടെ രഹസ്യപോലീസ് – – – എന്നാണ് അറിയപ്പെട്ടിരുന്നത്.
A) കരിങ്കുപ്പായക്കാർ
B) തവിട്ടുകുപ്പായക്കാർ
C) ഗസ്റ്റപ്പോ
D) ഹോളോകാസ്റ്റ്

## Part B

### (7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. 1 സ്കോർ വീതം)

4 × 1 = 4

7. .ആഫ്രിക്കയിലെ സഹാറ മരുഭൂമിയിൽ നിന്ന് പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് വീശുന്ന പ്രാദേശിക വാതത്തിന്റെ പേരെഴുതുക.
A) ഹർമാറ്റൻ
B) ലൂ
C) ചിനൂക്ക്
D) ഫൊൻ

8. 'ഇന്ത്യയുടെ ധാന്യപ്പുര' എന്നറിയപ്പെടുന്ന ഭൂപ്രകൃതി വിഭാഗം.

A) ഉത്തര മഹാസമതലം
B) ഉത്തര പർവ്വത മേഖല
C) ഉപദ്വീപീയ പീഠഭൂമി
D) തീരസമതലം

9. വിവരാവകാശ നിയമം നിലവിൽ വന്ന വർഷം
A) 2005
B) 2012
C) 2003
D) 2007

10. ചൈനീസ് കമ്മ്യൂണിസ്റ്റ് വിപ്ലവം നയിച്ചതാര്?
A )ലെനിൻ
B) മാവോ സെതുങ്
C) ഡോ.സൺയാത് സെൻ
D) ചിയാങ് കൈഷക്ക്

II. Part A

### (11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക. 2 സ്കോർ വീതം)

3×2=6

11. 1857 ലെ സ്വാതന്ത്ര്യസമരത്തിലേക്ക് നയിച്ച പെട്ടെന്നുണ്ടായ കാരണം എന്ത് ?

12. രണ്ടാം ലോകയുദ്ധകാലത്തുണ്ടായ സൈനീക സഖ്യങ്ങളിൽ ഉൾപ്പെട്ട രാജ്യങ്ങളെ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.

ദിശ

| അച്ചുതണ്ടുശക്തികൾ | സഖ്യശക്തികൾ |
|---|---|
| a.ജർമ്മനി | 1. |
| b. | 2. |
| c. | 3.ചൈന |

13. പ്ലാറ്റ്ഫോമിനെ അടിസ്ഥാനപ്പെടുത്തി വിദൂര സംവേദനങ്ങളെ വർഗ്ഗീകരിച്ചിരിക്കുന്നതെങ്ങനെ?

ഭൂതല ഛായാഗ്രഹണം

a.-------------------

b.-------------------

14. രാജ്യത്തിന്റെ വികസനം വിദ്യാഭ്യാസത്തിലൂടെ സാധ്യമാകുന്നു. ഫ്ലോ ചാർട്ട് പൂർത്തിയാക്കുക

| വിദ്യാഭ്യാസം |
|---|
| -------a-------- |
| സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള ഉള്ള അറിവ് ലഭിക്കുന്നു |
| -------b-------- |
| ജീവിത നിലവാരം ഉയരുന്നു |

15. വിപ്ലവസമയത്തുള്ള ഫ്രഞ്ച് സമൂഹത്തെ കുറിച്ച് വിവരിക്കുക.

## Part B

**(16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണം എഴുതുക 2 സ്കോർ വീതം)**

2x2=4

16.പൗരബോധത്തിന്റെ അഭാവം മൂലം സമൂഹത്തിൽ ഉണ്ടാകുന്ന ഏതെങ്കിലും രണ്ട് പ്രശ്നങ്ങൾ എഴുതുക.

17.ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സുഭാഷ് ചന്ദ്രബോസ് വഹിച്ച പങ്കെന്ത്?

18. കരക്കാറ്റും കടൽക്കാറ്റും തമ്മിൽ താരതമ്യം ചെയ്യുക

## III. Part A

**(19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക. 4 സ്കോർ വീതം)**

3X4 = 12

19.ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങൾ പട്ടികപ്പെടുത്തുക.

20,പൗരത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? രണ്ട് തരത്തിലുള്ള പൗരത്വങ്ങൾ ഏതെല്ലാം ?

21.ഇന്ത്യയുടെ രൂപരേഖയിൽ താഴെ നൽകിയിരിക്കുന്ന ഭൂസവിശേഷതകൾ പട്ടികപ്പെടുത്തുക

1.വിന്ധ്യാ പർവ്വതനിര


2.പശ്ചിമഘട്ടം

3.നർമ്മദ നദി

4.ഡക്കാൻ പീഠഭൂമി

22.നൽകിയിരിക്കുന്ന മാതൃകാഗ്രിഡിൽ നിന്നും താഴെ പറയുന്ന ഭൂസവിശേഷതകളുടെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിലൂടെ കണ്ടെത്തുക.

1.ശ്മശാനം
2.വാസസ്ഥലങ്ങൾ
3.പാലം
4.തടാകം




23.ചരക്ക് സേവന നികുതികളെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക

## Part B

(24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണം എഴുതുക. 4 സ്കോർ )

1x4 = 4

24.|ധരാതലീയ ഭൂപടങ്ങളുടെ നാല് ഉപയോഗങ്ങൾ എഴുതുക.

25.ഇന്ത്യയിൽ പൊതുകടം അനിയന്ത്രിതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നിങ്ങളുടെ നിഗമനങ്ങൾ ഉൾപ്പെടുത്തി കുറിപ്പെഴുതുക.

## IV. Part A

(26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക. 6 സ്കോർ വീതം)

3x6= 18

26.ഇന്ത്യയുടെ ദേശീയത രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് വിശകലനം ചെയ്യുക

27. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം?ഏതെങ്കിലും രണ്ടെണ്ണം വിശദമാക്കുക

28.കുറിപ്പ് തയ്യാറാക്കുക.
a)അന്താരാഷ്ട്ര ദിനാങ്ക രേഖ
b)ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം.

ദിശ

29.എന്താണ് മാനവ വിഭവശേഷി വികസനം? മാനവ വിഭവശേഷി വികസനത്തിൽ ആരോഗ്യ പരിപാലനത്തിനുമുള്ള പങ്ക് വിശദമാക്കുക.

## Part B

**(30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണം എഴുതുക. 6 സ്കോർ വീതം)**

**2x6= 12**

30.എന്താണ് ഇ– ഗവേണൻസ് ? ഇ ഗവേണൻസ് കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം ?

31.GIS ന്റെ പ്രധാന ഉപയോഗങ്ങൾ എഴുതുക.

32. വിവരണം നൽകുക
    a. പൊതുകടം
    b. അഭ്യന്തര കടം
    c. വിദേശകടം

## V. Part A

**(33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണം എഴുതുക . 8 സ്കോർ വീതം)**

**2x8=16**

33. താഴെ കൊടുത്തിരിക്കുന്ന സൂചനകൾവച്ച് അമേരിക്കൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക.
a) മെർക്കന്റലിസ്റ്റ് നിയമങ്ങൾ
b) കോണ്ടിനന്റൽ കോൺഗ്രസ്
c) അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യം

34. ഗാന്ധിജിയുടെ ആഹ്വാനപ്രകാരം, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉപ്പുണ്ടാക്കി ബ്രിട്ടീഷുകാർ കൊണ്ടുവന്ന നിയമങ്ങൾ ലംഘിച്ചു.
a . നിയമലംഘന പ്രസ്ഥാനത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
b. ഗാന്ധിജി ഉപ്പ് ഒരു സമരായുധമായി തെരഞ്ഞെടുത്തത് എന്തുകൊണ്ട് ?

35. ഉച്ചമർദ്ദത്തിൽ നിന്ന് ന്യൂനമർദ്ദത്തിലേക്ക് കാറ്റു വീശുന്നു.
a . ആഗോള വാതങ്ങളുടെ പേരെഴുതുക.
b. ആഗോള വാതങ്ങൾ സ്ഥിരവാതങ്ങൾ എന്നറിയപ്പെടാനുള്ള കാരണമെന്ത്?
c. ഏതെങ്കിലും രണ്ട് ആഗോളവാതങ്ങളെക്കുറിച്ച് വിശദീകരിക്കുക.


300 km
200 mi